**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2720** **13-02-2024 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിൽ സംരംഭകവർഷം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി മണ്ഡലത്തിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ സംരംഭക ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ പുറമേരി ഗ്രാമപഞ്ചായത്ത് ഒഴികെയുള്ള എല്ലാ പഞ്ചായത്തുകളിലും ലോൺ/സബ്സിഡി മേളകൾ നടത്തുകയും അതിലൂടെ 162.38 ലക്ഷം രൂപ വായ്പ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ PMEGP, PMFME, OFOE, ESS, MMG തുടങ്ങിയ പദ്ധതികളിലൂടെ സബ്സിഡി ലഭ്യമാക്കുന്നതിനും ലൈസൻസ് എടുത്തു നൽകുന്നതിനും സംരംഭകർക്ക് വ്യവസായ വികസന ഓഫീസർമാർ, എന്റർപ്രൈസസ് എക്സിക്യൂട്ടീവ്മാർ, റിസോർസ് പേഴ്സൺ എന്നിവർ സംരംഭകർക്ക് കൈത്താങ്ങ് സഹായം നൽകി വരുന്നു. |
| (ബി) | ഈ പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിൽ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട് എന്നറിയിക്കാമോ? | (ബി) | സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ആകെ 1570 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആയതിൽ 89.81 കോടി രൂപയുടെ നിക്ഷേപവും 2300 പേർക്ക് തൊഴിലും സൃഷ്ടിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ